പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3152 — 10.05.2017 -ൽ മറുപടിക്ക്.

## റേഷൻ ഉറപ്പാക്കുവാൻ പദ്ധതി

ചോദ്യം

**ശ്രീ.കെ.വി.വിജയദാസ്**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) കേരളത്തിന് അർഹതപ്പെട്ട റേഷൻ വിഹിതം കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ്, അധിക വിഹിതം (അഡ്ഹോക്ക്) ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഒരു ഭക്ഷ്യ കമ്മി സംസ്ഥാനമെന്ന നിലയിൽ, ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് കണക്കാക്കിയിട്ടുള്ള ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം അഭ്യർത്ഥിച്ചിരുന്നു. അനുവദിക്കുന്ന നോർമൽ വിഹിതവും അധിക വിഹിതവും (അഡ്ഹോക്ക്) ഉൾപ്പെടെയുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിക്കുന്ന സംസ്ഥാനം എന്ന നിലയിൽ, മൊത്ത ഉപഭോഗത്തിന്റെ ശരാശരിയ്ക്ക് അനുസൃതമായി ടൈഡ് ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ പൊതു വിതരണ രംഗത്ത് കേരളത്തിന്റെ താത്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നും വർദ്ധിച്ചു വരുന്ന ജനസംഖ്യ, അന്യസംസ്ഥാന തൊഴിലാളികളുടെ ആധിക്യം, ഓണം, റംസാൻ, ക്രിസ്തുമസ് എന്നീ ഉത്സവ കാലയളവുകളിലെ കൂടിയ ഭക്ഷ്യധാന്യ ആവശ്യകത എന്നിവകൾ പരിഗണിച്ച്, ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിലേക്ക് ആവശ്യപ്പെടുകയും ബഹു. ഭക്ഷ്യ വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ; | (ബി) & (സി) | ഭക്ഷ്യ ഭദ്രത നിയമപ്രകാരം കേരളത്തിനനുവദിച്ചിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ അളവ് വർദ്ധിപ്പിക്കണമെന്ന കേരളത്തിന്റെ നിരന്തരമുള്ള അപേക്ഷകൾക്ക് മറുപടിയായി 2010-11 മുതൽ 2012-13 വരെയുള്ള കാലയളവിലെ സംസ്ഥാനത്തെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഉപഭോഗത്തിന്റെ വാർഷിക ശരാശരിയ്ക്ക് അനുസൃതമായാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ ബി.പി.എൽ അധിക വിഹിതത്തിന്റെ ഉപഭോഗം പരിഗണിച്ചിട്ടില്ലെന്നും 2000 ലെ ജനസംഖ്യ ആസ്പദമാക്കിയാണ് പ്രാരംഭ ദശയിൽ ബി.പി.എൽ വിഭാഗത്തിനുള്ള വിഹിതം നിശ്ചയിച്ചിരുന്നതെന്നും ബി.പി.എൽ വിഭാഗത്തിലേക്ക് പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട കുടുംബങ്ങൾക്കു കൂടി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നതിനാണ് ബി.പി.എൽ അധിക വിഹിതം നൽകിയിരുന്നതെന്നും ആയതിനാലാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയപ്പോൾ ബി.പി.എൽ അധിക വിഹിതം പരിഗണിക്കാതിരുന്നതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നും ഇതിൽ മാറ്റം വരുത്താനാകില്ലെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനത്തിന് അധിക ഭക്ഷ്യധാന്യ വിഹിതം ആവശ്യമുണ്ടെങ്കിൽ ആയത് OMSS നിരക്കിൽ നല്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നിലപാട് മറികടക്കുന്നതിനായി കേരളം സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ; | | |
| (ഡി) | നിലവിൽ റേഷൻ കിട്ടിയിരുന്നവർക്ക് തുടർന്നും റേഷൻ ഉറപ്പാക്കുവാനുള്ള കർമ്മപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | എ.എ.വൈ ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗങ്ങൾക്ക് അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങൾ നിലവിൽ സൗജന്യമായി നൽകി വരുന്നു. കൂടാതെ ലഭ്യമായ ടൈഡ് ഓവർ വിഹിതം, മുൻഗണനേതര (നോൺ പ്രയോറിറ്റി) വിഭാഗങ്ങൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ